പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 104

# 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 104

# 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

504/2022

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2022 -ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്റ്റ്

കേരള സംസ്ഥാനത്ത് ബാധകമായിടത്തോളം

റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്റ്റ് (1879-ലെ XVII-ാം ആക്റ്റ്) കേരള സംസ്ഥാനത്ത് ബാധകമായിടത്തോളം റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1879-ലെ XVII-ാം ആക്റ്റിന്റെ റദ്ദാക്കൽ.—കേരള സംസ്ഥാനത്ത് ബാധകമായിടത്തോളം, 1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്റ്റ് (1879-ലെ XVII-ാം ആക്റ്റ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, അപ്രകാരമുള്ള റദ്ദാക്കൽ, 1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്റ്റ് (1879-ലെ XVII-ാം ആക്റ്റ്) പ്രാബല്യത്തിൽവന്ന തീയതി മുതൽ പ്രസ്തുത ആക്റ്റ് റദ്ദാക്കിയ തീയതി വരെ, റദ്ദാക്കപ്പെട്ട ആക്റ്റിൻകീഴിൽ ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ, കർത്തവ്യത്തെയോ, ബാദ്ധ്യതയെയോ അല്ലെങ്കിൽ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയെയോ അല്ലെങ്കിൽ ഏതെങ്കിലും കടം, പിഴ, കർത്തവ്യം, ബാദ്ധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്നുമുള്ള മോചനത്തെയോ ബാദ്ധ്യതാ വിമുക്തിയെയോ അല്ലെങ്കിൽ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അല്ലെങ്കിൽ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയെയോ കാര്യത്തെയോ ബാധിക്കുന്നതല്ലാത്തതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കാലാകാലങ്ങളിൽ, പ്രയോഗത്തിൽ ഇല്ലാത്തതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ ആക്ടുകളുടെ റദ്ദ് ചെയ്യൽ പ്രസ്തുത നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകമാകുന്നു. ഒരു പ്രത്യേക കാലയളവിലേക്കോ പ്രത്യേക ആവശ്യത്തിലേക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേയ്ക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട ആക്ടുകൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

2. ഭാരതീയ നിയമ കമ്മീഷൻ "കാലഹരണപ്പെട്ട നിയമങ്ങൾ : ഉടൻ റദ്ദ് ചെയ്യപ്പെടേണ്ടത് (ഇടക്കാല റിപ്പോർട്ട്)" എന്നതിന്മേലുള്ള അതിന്റെ 248-ാമത് റിപ്പോർട്ടിൽ 1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്ട് റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്തു. കാർഷിക കടാശ്വാസം എന്ന വിഷയത്തിൽ അധികാരപ്പെടുത്തപ്പെട്ട നിയമനിർമ്മാണസഭ സംസ്ഥാനത്തിന്റേത് ആയതിനാൽ, പ്രസ്തുത ആക്ടിന്റെ റദ്ദാക്കൽ അപ്രകാരം നടത്തേണ്ടതുണ്ടെന്ന് കമ്മീഷൻ റിപ്പോർട്ട് ചെയ്തു. സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടുള്ളതും 1879-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് ആക്ട് റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആണ്.

3. ഈ തരത്തിലുള്ള ബില്ലിൽ സാധാരണയായി ഉൾപ്പെടുത്തുന്ന ഒഴിവാക്കൽ ഖണ്ഡം എന്ന രീതിയിലുള്ള ഒരു മുൻകരുതൽ വ്യവസ്ഥ ബില്ലിലെ 3-ാം ഖണ്ഡത്തിൽ ഉൾക്കൊള്ളുന്നു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. പ്രസാദ്.

(ശരിത്തർജ്ജമ)